"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്— ടെറിട്ടോറിയൽ ആർമി അവാർഡ് ജേതാക്കളായ ഹവിൽദാർ ബിജു പി, ഹവിൽദാർ റനീഷ് എം എന്നിവർക്ക് സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1/2024/SWD തീയതി,തിരുവനന്തപുരം, 03-01-2024

---

പരാമർശം:-
1. 25.09.2012 ലെ സ.ഉ.(സാധാ)നം.7969/2012/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ05.12.2023 ലെ B6/TA/320613/2023/DSW നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടെറിട്ടോറിയൽ ആർമി അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും 5000/- രൂപ ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

അതിൻപ്രകാരം ടെറിട്ടോറിയൽ ആർമി മെഡൽ അവാർഡ് ജേതാക്കളായ ഹവിൽദാർ ബിജു പി, ഹവിൽദാർ റനീഷ് എം എന്നിവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി അവരുടെ അപേക്ഷകളും അനുബന്ധ രേഖകളും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു പരാമർശം (1) പ്രകാരം ടെറിട്ടോറിയൽ ആർമി അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും നൽകി വരുന്ന 5000/- രൂപ ക്യാഷ് അവാർഡിന് ഹവിൽദാർ ബിജു പി, പാലപ്പുറത്ത് ഹൗസ്, നെടിയങ്ങ, നെടിയങ്ങ പി.ഒ, കണ്ണൂർ-670 631, ഹവിൽദാർ റനീഷ് എം, മണപ്പൊയ്യിൽ ഹൗസ്, കെ.സി, തിലാന്നൂർ, താഴെചൊവ്വ പി.ഒ, കണ്ണൂർ-670018 എന്നിവർ അർഹരായതിനാൽ ടിയാളുകൾക്ക് ക്യാഷ് അവാർഡ് തുകയായി 5,000/- രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക 2075-00-800-70 കണക്കിനത്തിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
2. ഹവിൽദാർ ബിജു പി, പാലപ്പറത്ത് ഹൗസ്, നെടിയങ്ങ, നെടിയങ്ങ പി.ഒ, കണ്ണൂർ-670 631
3. ഹവിൽദാർ റനീഷ് എം, മണപ്പൊയ്യിൽ ഹൗസ്, കെ.സി, തിലാന്നൂർ, താഴെചൊവ്വ പി.ഒ, കണ്ണൂർ-670 018
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 04-01-2024 12:47:55